# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡികെ(പി 5)/1050/05.11.2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 21/11/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡികെ(പി 5)/1050/05.11.2024 തീയ്യതി: 21/11/2024

## ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-10-2023 മുതൽ 05-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2024 | 11-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-10-2024 | 11-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സുസനിയാമ്മ തോമസ് ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.മരുൺ മാത്യു ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിലാഷ് എം.കെ അസി ഓഡിറ്റ് ഓഫീസർ
ശ്രീ.സാമുവൽ രാജ് ആർ അസി ഓഡിറ്റ് ഓഫീസർ
ശ്രീമതി.സ്വപ്ന വി സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഷൈനി എം.ആർ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.റ്റി മോഹൻദാസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.പി.ജബ്ബരാജ് | സെക്രട്ടറി | 01-04-2023 | 01-09-2024 |
| ശ്രീ.അംബി എൻ | സെക്രട്ടറി | 01-09-2023 | 12-12-2023 |
| ശ്രീ.സുരേഷ് ബാബു ജി.എസ് | സെക്രട്ടറി | 13-12-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അശ്വതി ജെ. | മെഡിക്കൽ ഓഫിസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ശ്രീ.സുദർശൻ കെ | വി.ഇ.ഒ. | 01-04-2023 | 31-03-2024 |
| ഡോ.ക്ലാപ്പ് ആന്റോ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.സുധീർ ബി | അസി. എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജോമോൾ കെ.ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.റിനു തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 13-07-2023 |
| ശ്രീമതി.ജാസ്മിൻ സി.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി മേരി ആരോക്യം | ഹെഡ് മാസ്റ്റർ | 01-04-2023 | 02-06-2023 |
| ശ്രീ.രഘുപതി എം | ഹെഡ് മാസ്റ്റർ | 03-06-2023 | 31-03-2024 |
| ശ്രീ.സതീഷ് കെ | കൃഷി ഓഫീസർ | 01-04-2023 | 18-11-2023 |
| ശ്രീ.അലൻ ജോളി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 19-11-2023 | 31-03-2024 |
| ഡോ. സനോജ് കെ.ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 27-06-2023 |
| ഡോ. ബിനു ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 28-06-2023 | 16-10-2023 |
| ഡോ. ജോബി ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 17-10-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | നികുതി നികുതിയേതര വരുമാനങ്ങൾ സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ ചെയ്യുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-6 |
| 8 | ബാലൻസ്ഷീറ്റിലെ ബി 5 ഷെഡ്യൂൾ ബി 16ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ തമ്മിലുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-8 |

| | | |
|---|---|---|
| 10 | തൊഴിലുറപ്പ് പദ്ധതി- അഡ്മിസ്ട്രേറ്റിവ് എക്സ്പെൻസ് ചെലവ് ഐ 14 (E) ൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-9 |
| 11 | സി എഫ് സി ഗ്രാന്റ് വരവ് തുകകള് തെറ്റായ ശീർഷകത്തിൽ വരവ് വച്ചു | 1-1-10 |
| 12 | സി എഫ് സി ഗ്രാന്റ് ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-11 |
| 13 | വാർഷിക കണക്കുകൾ പ്രകാരമുള്ള കെ യു ആർ ഡി എഫ് സി ലോൺ നീക്കിയിരിപ്പ് തുക കൃത്യമല്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഗ്രാന്റ് വിനിയോഗം | 1-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | ക്ഷേമപെൻഷനുകൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 21 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണയിച്ചില്ല | 1-9 |
| 22 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 23 | വാർഷിക ധനകാര്യ പത്രികയിലെയും ഡി സി ബി രജിസ്റ്ററിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11 |
| 24 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-12 |
| 25 | പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 26 | ലൈസൻസ് അപേക്ഷയിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും ഉപയോഗക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-14 |
| 27 | മരങ്ങൾ മുറിച്ച് മാറ്റിയത് ലേലം ചെയ്തില്ല | 1-15 |
| 28 | ലൈഫ് ഭവന പദ്ധതി- ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-16 |
| 29 | വൃദ്ധസദനം പ്രവർത്തന സജ്ജമാക്കിയിട്ടില്ല - ലക്ഷങ്ങളുടെ പാഴ്ചെലവ് | 1-17 |
| 30 | ഗ്രീൻ ചെക്ക് പോസ്റ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. തടസ്സം ₹1,77,668/- | 1-18 |
| 31 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-19 |
| 32 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല. | 1-20 |
| 33 | എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - തുക അടവാക്കിയത് - ചെലവ് തടസ്സം ₹304128/- | 1-21 |
| 34 | എസ്.എസ്.എ. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 35 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല -(ആയുർവ്വേദം) | 1-23 |
| 36 | സർക്കാർ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് നിലവാരം ഇല്ലാത്ത ലാപ്ടോപ്പുകൾ വിതരണം നടത്തുന്നു | 1-24 |
| 37 | ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ – കച്ചാരം വാട്ടർഫാൾസ് – കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി തുടങ്ങിയില്ല ചെലവ് തടസ്സം - ₹1000000/- | 1-25 |
| 38 | പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം ₹285000/- | 1-26 |

| | | |
|---|---|---|
| 39 | അവശ്യരേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സം ₹1039955/- | 1-27 |
| 40 | ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹21369/- | 1-28 |
| 41 | വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.-ചെലവ് തടസ്സം ₹143661/- | 1-29 |
| 42 | ലൈഫ് ഭവന പദ്ധതി ഹഡ്കോവായ്പ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-30 |
| 43 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല ചെലവ് തടസ്സം ₹399023/- | 1-31 |
| 44 | നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി- സബ്സിഡി നിരക്കിന് അധികരിച്ച് തുക നൽകി | 1-32 |
| 45 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് മുൻകൂർ നൽകിയ തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-33 |
| 46 | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ- അക്രിലിക് നെയിം ബോർഡുകൾ സ്ഥാപിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്നു | 1-34 |
| 47 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന- അവലോകനം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ചു നഷ്ടം ₹21369/- | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 5.7.24. തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 8.7.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ **ഡെപ്യൂട്ടി ഡയറക്ടർ**

21.11.2024 ഇടുക്കി

## 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14933261/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-537500/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-4 നികുതി നികുതിയേതര വരുമാനങ്ങൾ സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ ചെയ്യുന്നില്ല.**

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

**1-1-5 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി, വാടക എന്നീയിനങ്ങളുടെ വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-6 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു**

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| 410800101- അദർ ഫിക്സഡ് അസറ്റ്സ് | 1104094 | 13157524 |
| വാട്ടർവേയ്സ് | 0 | 544896 |
| സി വേജ് ആന്റ് ഡ്രെനേജ് | 0 | 215818 |

**1-1-7 ബാലൻസ്ഷീറ്റിലെ ബി 5 ഷെഡ്യൂൾ ബി 16ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റിലെ ബി 5 ഷെഡ്യൂൾ (സെക്വർഡ് ലോൺ) പ്രകാരമുള്ള ബാലൻസ് 107196104 രൂപയായിരിക്കെ ബി 16ഷെഡ്യൂൾ (പ്രീ പെയ്ഡ് എക്സ്പെൻസ്) പ്രകാരമുള്ള ബാലൻസ് 77263320 രൂപയാണ്. ഈ രണ്ട് ഷെഡ്യൂളുകളും തമ്മിൽ പൊരുത്തപ്പെടേണ്ടതാണെങ്കിലും 29932784 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു.

**1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ തമ്മിലുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

ജലനിധി, സാക്ഷരത ലൈഫ് മിഷൻ എന്നീ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ തമ്മിലുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബി4 പ്രകാരം ബാലൻസ് | ബി17 പ്രകാരം ബാലൻസ് |
|---|---|---|
| ജലനിധി | 1373832 | 1382955 |
| സാക്ഷരത | 44910 | 2709.81 |
| ലൈഫ് മിഷൻ | 11952308 | 19488061 |

### 1-1-9 തൊഴിലുറപ്പ് പദ്ധതി- അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ് ചെലവ് ഐ 14 (E) ൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ് ചെലവ് ₹565074/- ആയിരിക്കെ (31.3.24 ലെ വൗച്ചർ നം 42300956 ഹെഡ് നം 160100628) ഐ 14 (E) ൽ അഡ്മിനിസ്ട്രേറ്റിവ് ചെലവ് ₹562424/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-10 സി എഫ് സി ഗ്രാന്റ് വരവ് തുകകള് തെറ്റായ ശീർഷകത്തിൽ വരവ് വച്ചു

സി എഫ് സി ടൈഡ് ഇനത്തിന് ലഭിച്ച വരവ് തുക ഹെഡ് നം 320200113 ൽ ഉൾപ്പെടുത്തേണ്ടതിനു പകരം ഹെഡ് നം 31210021 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സി എഫ് സി ബേസികിൽ പലിശയിനത്തിൽ 31.3.24 ൽ വരവായി വന്ന ₹62,833/- ഹെഡ് നം 320200104 ൽ ഉൾപ്പെടുത്തേണ്ടതിനു പകരം ഹെഡ് നം 171100101 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-1-11 സി എഫ് സി ഗ്രാന്റ് ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

സി എഫ് സി ബേസിക് ഗ്രാന്റ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (433674) കിഴിച്ചുള്ള ചെലവ് ₹2804808/- ഹെഡ് നം 160100104 ൽ ഉൾപ്പെടുത്തണ്ടതിനു പകരം ഹെഡ് നം 120100102 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-12 വാർഷിക കണക്കുകൾ പ്രകാരമുള്ള കെ യു ആർ ഡി എഫ് സി ലോൺ നീക്കിയിരിപ്പ് തുക കൃത്യമല്ല.

ഹെഡ് നം.330500202 പ്രകാരമുള്ള Secured Loan ൽ 31.03.2024 ലെ വൗച്ചർ നമ്പർ (42300659, 22300826) പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ ₹1070944/- ലോൺ റീപെയ്മെന്റ് ആയി കാണിച്ചിരിക്കുന്നതിനാൽ എ എഫ് എസ് ലെ വായ്പയുടെ നീക്കിയിരിപ്പ് തുക യിൽ ₹1070944/-യുടെ കുറവുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം ലോൺ നീക്കിയിരിപ്പ് ₹107196104/- രൂപയായിരിക്കെ കെ യു ആർ ഡി എഫ് സി യിൽ അടവാക്കാൻ ബാക്കിയുള്ള തുക ₹108267048/- രൂപയാണ്.

## 1-2 ബജറ്റ്

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | | 2(1)/31.3.23 | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | | 1/18-3-2023 | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 6292921 | 523542000 | 529834921 | 527725000 | 2109921 |

പുതുക്കിയ ബജറ്റ്

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | 1/17-02-2024 | | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1/16-02-2024 | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 30158812 | 210404271 | 240563083 | 232417939 | 8145144 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 22293000 | 22293000 | 20718251 | 1574749 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 9936000 | 9936000 | 7536782 | 2399218 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 7596000 | 7596000 | 6963696 | 632304 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 5566953 | 2768500 | 8335453 | 2774147 | 5561306 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 1309587 | 3892403 (3691000+201403 Interest) | 5201990 | 3238488 | 1963502 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 3583350 | 3583350 | 2012626 | 1570724 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 4084000 | 4084000 | 3798046 | 285954 |
| പശ്ചിമഘട്ട വികസനം | 3359 | 92 | 3451 | - | 3451 |
| സാക്ഷരത | 2638 | 42272 | 44910 | - | 44910 |
| ഐ.സി.ഡി.എസ്. | 205932 | 2817262 | 3023194 | - | 3023194 |
| ദേശിയ ആരോഗ്യമിഷൻ | 0 | 500000 | 500000 | - | 500000 |
| ജലനിധി | 1345572 | 28260 | 1373832 | - | 1373832 |
| ജീവധാര | 1284541 | 51522 | 1336063 | - | 1336063 |
| സമ്പൂർണ്ണ ശുചിത്വം | 34902 | - | 34902 | - | 34902 |
| ശുചിത്വ മിഷൻ | 397528 | - | 397528 | 118 | 397410 |
| അവാർഡ് | 200000 | 200000 | 200000 | 200000 | 200000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട്) | 137181 | - | 137181 | - | 137181 |

| | | | | | |
|---|---|---|---|---|---|
| സാമൂഹ്യക്ഷേമം | 12000 | - | 12000 | - | 12000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320200399) വിമുക്തി | 30840 | - | 30840 | - | 30840 |
| ലൈഫ് മിഷൻ (320300199) | 17012308 | - | 17012308 | 506000 | 11952308 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ട്രൈബൽ സബ് പ്ളാൻ) | 149530 | - | 149530 | - | 149530 |
| അദർ ലയബലറ്റി 320100999 | 570290 | - | 570290 | 6000 | 564290 |
| ഹെൽത്ത് ഗ്രാന്റ് പി.എച്ച്.സി | 111230 | 283038 | 394268 | 68037 | 326231 |
| ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാ സ്ട്രക്ച്ചർ | 169143 | 629574 | 798717 | 53643 | 745074 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ക്യാപിറ്റൽ) 320800199 | 240405 | - | 240405 | - | 240405 |

<u>കുറിപ്പ്</u>

1) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | ആകെ |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4450780 | 1138800 | 5589580 |
| വികസന ഫണ്ട് (SCP) | 2665360 | - | 2665360 |
| വികസന ഫണ്ട് (TSP) | 4127870 | - | 4127870 |

<u>1-3-1 ലാപ്സായ തുകയുടെ വിശദാംശങ്ങൾ</u>

15.07.2021-ലെ സ.ഉ. (കൈ) നം. 79/2021 ധന പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഫണ്ടിനം | വരവ് | ചെലവ് | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക 80% | തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2024-25 വർഷം കുറവ് ചെയ്യുന്നതുമായ തുക |
|---|---|---|---|---|
| വികസനഫണ്ട്- പട്ടികജാതി വിഭാഗം | 9936000 | 7536782 | 7948800 | 412018 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 3583350 | 2012626 | 2866680 | 854054 |

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 196 | 178422237 | 119 | 69072710 | 77 | 60.71 |

1 . ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 23366273 | 20718251 | |
| | പട്ടിക ജാതി വിഭാഗം | 5594927 | 7536782 | |
| | പട്ടിക വർഗ്ഗ വിഭാഗം | 3596000 | 6963696 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 14576787 | 6012629 | |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 5990000 | 0 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 25589663 | 5060000 | |
| തനത് ഫണ്ട് | | 950000 | 39000 | |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | 24190000 | 5870000 | |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 19650000 | 3360000 | |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 6961000 | 2012626 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 7333916 | 3798046 | |
| മറ്റിനം | | 39450000 | 7580000 | |
| ആകെ | | 178422237 | 69072710 | 38.71 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ്₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 4800000 | 2850000 | 59.38 |
| വെറ്ററിനറി സർജൻ | 3 | 2 | 310000 | 179389 | 57.87 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10 | 8 | 2648671 | 1331069 | 50.25 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 3 | 600000 | 582005 | 97 |
| ICDS സൂപ്പർവൈസർ | 7 | 7 | 6353080 | 4350042 | 68.47 |
| വി.ഇ.ഓ | 21 | 8 | 104598601 | 26491560 | 25.33 |
| ക്ഷീരവികസന ഓഫീസർ | 2 | 2 | 2350000 | 1750000 | 74.47 |
| സെക്രട്ടറി | 54 | 43 | 22323688 | 20734614 | 92.88 |
| ഹെഡ്മാസ്റ്റർ | 5 | 5 | 1634324 | 1171013 | 71.65 |
| അസി.എഞ്ചിനീയർ | 87 | 37 | 32803873 | 9633018 | 29.37 |
| ആകെ | 196 | 119 | 178422237 | 69072710 | 38.71 |

ജില്ലാ ആസൂത്രണ സമിതിയുടെ 02/02/2024-ലെ 677/2024/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 155 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 101 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹127759995/-ൽ ₹33210170/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

**<u>മോണിട്ടറിംഗ് സമിതി നിർജ്ജീവം</u>**

ഗ്രാമ പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ

വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതിൽ നിന്നും ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയും ഗുണമേന്മയും സുതാര്യതയും ഉറപ്പ് വരുത്തേണ്ട സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിച്ചിട്ടില്ല എന്ന് കാണുന്നു. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൻ വർഷം ക്ഷീരവികസന ഓഫീസർ 11.38% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമാകുന്ന പദ്ധതി തുകകൾ മുഴുവൻ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3847 | 563111 | 566958 | 565074 | 1884 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 46495000 | 46495000 | 46495000 | |

തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ് ചെലവ് ₹565074/- ആയിരിക്കെ (31.3.24 ലെ വൗച്ചർ നം 42300956 ഹെഡ് നം 160100628) ഐ 14 (E) ൽ അഡ്മിനിസ്ട്രേറ്റിവ് ചെലവ് ₹562424/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-6 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 382800 | 48 |
| വിധവാ പെൻഷൻ | 4979900 | 489 |
| വാർദ്ധക്യകാല പെൻഷൻ | 11940500 | 1130 |
| വികലാംഗ പെൻഷൻ | 1255100 | 108 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 131200 | 12 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.10.2024 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹716/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-9 ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണയിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,

റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹50/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും (2013 റിവിഷൻ പ്രകാരം) അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള(2013 റിവിഷൻ പ്രകാരം) നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | 4/36/F | അജോ ജോർജ് പി. | 111ച മീ |
| 2 | 11/209 | Rejidheen J. | 136ച മീ |
| 3 | 11/429 A | അനന്തു രാജേന്ദ്രൻ | 111.75ച മീ |

വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ കുറവ് വരാനിടയായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.10.2024) മറുപടി ലഭ്യമാക്കിയില്ല.

## 1-10 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | ഈടാക്കേണ്ടിയിരുന്ന നികുതി | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| മിൽമ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോവിൽകടവ് | 2500 | I & II |

നികുതി അടവാക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന് 23.08.2024-ൽ കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.12/09.10.2024) മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 വാർഷിക ധനകാര്യ പത്രികയിലെയും ഡി സി ബി രജിസ്റ്ററിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഇനം | വാർഷിക ധനകാര്യ പത്രിക | | | DCB രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വാടക | 287010 | 247674 | 39336 | 287010 | 287010 | 0 |

കണക്കുകളിലെ പൊരുത്തക്കേടിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/09.10.2024), രജിസ്റ്റർ പ്രകാരം മുഴുവൻ കടമുറികളുടെയും വാടക അടവാക്കിയിട്ടുള്ളതും ബാലൻസ് ഇല്ലാത്തതുമാണെന്നും വാർഷിക ധനകാര്യപത്രികയിൽ വന്ന വ്യത്യാസം സംബന്ധിച്ച് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. മറയൂർ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം.36540970793) പരിപാലിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് കറണ്ട്

അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 31.09.2024 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹10,45,007/- അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-13 പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല</u>

സ.ഉ(അച്ചടി)നം.25/2023LSGD തീയതി 5.4.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത തീയതി മുതൽ അഞ്ചുവർഷകാലയളവ് പൂർത്തിയാകുന്നതു വരെ തുടർന്നുള്ള ഓരോവർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ അഞ്ചുശതമാനം വീതം വർദ്ധനവ് വരുന്നതാണെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ 15.09.2023 ലെ എസ്.സി.2-94/23 വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2023-24 വർഷം നമ്പർ നൽകിയ

ചുവടെ ചേർത്തിരിക്കുന്ന 2, 5, 6 വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണയം നടത്തി ഈടാക്കിയതായി കാണുന്നു. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്ന ഏതാനും കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്/ നം. | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണം | ഈടാക്കിയ നിരക്ക് | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട നിരക്ക് | ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|---|---|---|
| 2/191 A | മാത്യു ജോർജ് | റിസോർട്ട് | 54.12 | 90 | 4870.8 | 95 | 5141 |
| 5/121 A | ആന്റണി തോമസ് | ” | 13.17 | 90 | 1185.3 | 95 | 1251.15 |
| 5/121B | ” | ” | 13.17 | 90 | 1185.3 | 95 | 1251.15 |
| 5/121 C | ” | ” | 13.17 | 90 | 1185.3 | 95 | 1251.15 |
| 5/121 D | ” | ” | 13.17 | 90 | 1185.3 | 95 | 1251.15 |
| 5/121 E | ” | ” | 29.57 | 90 | 2661.3 | 95 | 2809.15 |
| 5/121 F | ” | ” | 29.57 | 90 | 2661.3 | 95 | 2809.15 |
| 5/121 G | ” | ” | 29.57 | 90 | 2661.3 | 95 | 2809.15 |
| 5/121 H | ” | ” | 31.24 | 90 | 2811.6 | 95 | 2967.8 |
| 6/218A | ഭുവനേശ്വരി ബി. | പാർപ്പിടാവശ്യം | 68.65 | 8 | 549.2 | 8.5 | 583.52 |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.10.2024) മറുപടി ലഭ്യമാക്കിയില്ല. 1.4.2023 മുതൽ നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി പുനർനിർണ്ണയിച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് അപേക്ഷയിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും ഉപയോഗക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു.

ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് റിസോർട്ട് ആയി പ്രവർത്തിക്കുന്നതിനാണ് ലൈസൻസ് നൽകിരിക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് 2013 ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കി വരുന്നത്. തൻമൂലം വസ്തുനികുതിയിനത്തിൽ കുറവ് സംഭവിക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ഉടമസ്ഥന്റെ പേര് | അപേക്ഷകന്റെ പേര് | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|
| 1 | V/335 | ബാബു വർഗീസ്, സക്സൺ ജേക്കബ്, ബ്രിസ്റ്റോ എസ്. | കെ. കൃഷ്ണമൂർത്തി | 4800 (120 X 40) | 10800 (120x90) |
| 2 | V/336 | ” | ” | 4800 | 10800 |

മേൽ കെട്ടിടങ്ങൾ റിസോർട്ടായി പ്രവർത്തിച്ചു വരുന്ന വിവരം ഹെഡ് ക്ലർക്ക് അപേക്ഷയിൽമേലുള്ള അന്വേഷണ റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള എല്ലാ നിയമ നടപടികളും ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19/10.10.2024)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. 2013 അർദ്ധവർഷം മുതലുള്ള വസ്തുനികുതി പുനർനിർണയിച്ച് കുടിശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 മരങ്ങൾ മുറിച്ച് മാറ്റിയത് ലേലം ചെയ്തില്ല

ചുവടെ ചേർത്തിട്ടുള്ള വിവിധ മരം മുറിക്കൽ പ്രവർത്തികൾക്കായി 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വൗച്ചർ തീയതി | തുക |
|---|---|---|---|
| 1 | 01.06.2023 തീയതി ലഭിച്ച 1690/2023 നമ്പർ പരാതി പ്രകാരം മിഷൻവയൽ കനാൽ പുറംപോക്കിൽ അപകടാവസ്ഥയിൽ കേട്പിടിച്ച് നിൽക്കുന്ന പുളിവാകയും ആൽമരവും മുറിച്ച വകയിൽ ജോയിക്ക് നൽകിയത് | 22300210/23.06.23 | 2000 |
| 2 | 2-ാംവാർഡ് കോവിൽക്കടവ് മൃഗാശുപത്രിക്ക് സമീപം അപകടമാംവിധം നിന്നിരുന്ന ഞാവൽമരം മരം മുറിച്ച വകയിൽ വി.പി ജോയിക്ക് നൽകിയത് | 22300288/27.07.23 | 3000 |
| 3 | 5-ാം വാർഡ് അങ്കണവാടിക്ക് സമീപം അപകടകരമായി നിന്നിരുന്ന മരങ്ങൾ മരം മുറിച്ച വകയിൽ പ്രഭാകരൻ കെ യ്ക്ക് നൽകിയത്. | 22300287/27.07.2023 | 4000 |
| | ആകെ | | 9000 |

മുറിച്ച മരങ്ങൾക്ക് വനം വകുപ്പിൽ നിന്നുള്ള മൂല്യനിർണയ സാക്ഷ്യ പത്രം ലഭ്യമാക്കി മരങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-16 ലൈഫ് ഭവന പദ്ധതി- ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള താഴെ പരാമർശിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 26 |
| പദ്ധതി | ലൈഫ് ഭവന നിർമ്മാണം-എസ്.റ്റി |

| ക്രമ നമ്പർ | ഗുണഭോക്താവ് | വിലാസം | നിലവിലെ സ്ഥിതി | ആകെ നൽകിയ തുക₹ | അവസാനം നൽകിയ തുക | അവസാനം തുക നൽകിയ തീയതി |
|---|---|---|---|---|---|---|
| 1 | അശ്വതി വേൽമുരുകൻ | കുളച്ചിവയൽ-വാർഡ്-7 | മേൽക്കൂര | 420000 | 110000 | 30/12/2022 |
| 2 | ദേവിയമ്മ ചക്കര | കുളച്ചിവയൽ-വാർഡ്-7 | ലിന്റൽ | 420000 | 110000 | 30/12/2022 |
| 3 | രാജൻ പാണ്ടി | കുളച്ചിവയൽ-വാർഡ്-7 | മേൽക്കൂര | 540000 | 210000 | 12/07/2022 |
| 4 | സുരേഷ് | ഒള്ളവയൽകുടി വാർഡ്-2 | മേൽക്കൂര | 520000 | 100000 | 20/12/2023 |
| 5 | വിജയകുമാർ വെള്ളസാമി | ഒള്ളവയൽകുടി വാർഡ്-2 | മേൽക്കൂര | 520000 | 100000 | 21/11/2023 |
| 6 | തങ്കപ്പൻ കൃഷ്ണസാമി | തീർത്ഥമല വാർഡ്-8 | മേൽക്കൂര | 420000 | 210000 | 12/07/2022 |
| 8 | ശിവകുമാരി | കുളച്ചിവയൽ-വാർഡ്-7 | ലിന്റൽ | 400000 | 100000 | 21/10/2022 |
| 10 | ശ്രുശീല.പി | കുളച്ചിവയൽ-വാർഡ്-7 | ലിന്റൽ | 420000 | 210000 | 12/07/2022 |
| 11 | ശ്രുശീല തേൻരാജ് | കുളച്ചിവയൽ-വാർഡ്-7 | മേൽക്കൂര | 520000 | 100000 | 02/01/2023 |

| | | | | | | |
|---|---|---|---|---|---|---|
| 12 | കുപ്പമ്മാ | കുളച്ചിവയൽ- വാർഡ്-7 | മേൽക്കൂര | 520000 | 100000 | 27/07/2023 |
| 13 | താമര മാരിമുത്തു | കുളച്ചിവയൽ- വാർഡ്-7 | മേൽക്കൂര | 520000 | 100000 | 27/07/2023 |
| 14 | ദീപ ശിവകുമാർ | ചമ്പക്കാട് വാർഡ്-1 | മേൽക്കൂര | 520000 | 100000 | 14/09/2023 |
| 15 | അഞ്ജു പെരുമാൾ | ചൂരക്കുളം വാർഡ്-13 | മേൽക്കൂര | 520000 | 100000 | 15/06/2023 |
| 16 | ബിനു | ചൂരക്കുളം വാർഡ്-13 | ലിന്റൽ | 520000 | 100000 | 15/06/2023 |
| 18 | പ്രിയ അളകരാജ് | ചെമ്പട്ടികുടി വാർഡ്-8 | മേൽക്കൂര | 420000 | 210000 | 11/08/2023 |
| 20 | ശക്തിവേൽ എം | ചൂരക്കുളം വാർഡ്-13 | മേൽക്കൂര | 520000 | 100000 | 11/08/2023 |
| 21 | വിജയകുമാർ രാമൻ | നാക്കുപ്പട്ടി വാർഡ്-7 | മേൽക്കൂര | 520000 | 100000 | 20/07/2023 |
| 22 | രാമകൃഷ്ണൻ രാജു | നാക്കുപ്പട്ടി വാർഡ്-7 | ലിന്റൽ | 520000 | 100000 | 15/12/2023 |
| 23 | ശ്രുതിമോൾ.വി | ചമ്പക്കാട് വാർഡ്-1 | മേൽക്കൂര | 510000 | 90000 | 02/10/2023 |
| 24 | ശരവണൻ കനകസ്വാമി | ഒള്ളവയൽകുടി വാർഡ്-2 | മേൽക്കൂര | 520000 | 100000 | 20/12/2023 |
| 25 | ഡെയ്സി വിൻസെന്റ് | മിഷൻവയൽ വാർഡ്-9 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 90000 | 90000 | 21/10/2021 |

| | | | | | | |
|---|---|---|---|---|---|---|
| 26 | ശിവകുമാർ വേലുസാമി | ഒള്ളവയൽകുടി വാർഡ്-2 | മേൽക്കൂര | 520000 | 100000 | 21/11/2023 |
| 27 | റൂബെല്ല.ഡി | മിഷൻവയൽ വാർഡ്-9 | മേൽക്കൂര | 510000 | 90000 | 27/07/2023 |
| 32 | പെരിയസ്വാമി മയിൽസ്വാമി | ചെമ്പട്ടികുടി വാർഡ്-8 | ലിന്റൽ | 420000 | 210000 | 02/01/2023 |
| 33 | വിജിത ജീവ | പാലപ്പെട്ടി വാർഡ്-1 | മേൽക്കൂര | 520000 | 100000 | 11/08/2023 |
| 34 | ശിവരഞ്ജിനിI | ചെമ്പട്ടികുടി വാർഡ്-8 | ലിന്റൽ | 400000 | 90000 | 15/12/2023 |
| 35 | പൗലോസ് | ഒള്ളവയൽകുടി വാർഡ്-2 | ലിന്റൽ | 420000 | 20000 | 15/06/2023 |
| 36 | വേദമരിയ | മിഷൻവയൽ വാർഡ്-9 | ബേസ്മെന്റ് | 90000 | 90000 | 11/12/2021 |
| 37 | രാണി യേശുരാജ് | മിഷൻവയൽ വാർഡ്-9 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 90000 | 90000 | 11/12/2021 |
| 38 | ശക്തിരാജ് | തീർത്തമല വാർഡ്-8 | ലിന്റൽ | 420000 | 210000 | 15/12/2023 |
| 40 | രാമകൃഷ്ണണൻ | ഒള്ളവയൽകുടി വാർഡ്-2 | ലിന്റൽ | 210000 | 120000 | 31/05/2023 |
| 43 | ചിന്നസ്വാമി | ഒള്ളവയൽകുടി വാർഡ്-2 | ലിന്റൽ | 420000 | 210000 | 21/11/2023 |
| 44 | അജിത എം | പാലപ്പെട്ടി വാർഡ്-1 | ബേസ്മെന്റ് | 210000 | 120000 | 15/02/2023 |

| | | | | | | |
|---|---|---|---|---|---|---|
| 45 | കന്നിയമ്മ അളകർസ്വാമി | സൂസിനിക്കുടി വാർഡ്-8 | ബേസ്മെന്റ് | 190000 | 100000 | 20/12/2023 |
| 46 | സേതുരാമൻ രാമലിങ്കം | ചെമ്പട്ടികുടി വാർഡ്-8 | ബേസ്മെന്റ് | 90000 | 90000 | 15/12/2023 |
| 47 | ശ്രീദേവി പാണ്ടിയരാജ് | തീർത്തമല വാർഡ്-8 | ബേസ്മെന്റ് | 90000 | 90000 | 15/12/2023 |

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ വേലകൾ എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭവനനിർമ്മാണ വേലകൾ പൂർത്തീകരിക്കുന്നില്ല എങ്കിൽ കരാർ പ്രകാരം ധനസഹായതുക തിരികെ ഈടാക്കേണ്ടതാണ്.

## 1-17 വൃദ്ധസദനം പ്രവർത്തന സജ്ജമാക്കിയിട്ടില്ല - ലക്ഷങ്ങളുടെ പാഴ്ചെലവ്

| | |
|---|---|
| പദ്ധതി നം-പദ്ധതി | 173/23-24, വൃദ്ധസദനം മെയിന്റനൻസ് |
| അടങ്കൽ | ₹350000-<br>₹300000/-മെയിന്റനൻസ് ഫണ്ട് റോഡിതരം<br>₹50000/-വികസന ഫണ്ട്-ജനറൽ |
| ബിൽ നം.തുക-തീയതി | 2310035201030072081 7/₹300000/-01.11.2023<br>(₹17209/-2024-25ൽ നൽകിയിരിക്കുന്നു) |
| എം. ബുക്ക് - | E-M Book |
| | |

| | |
|---|---|
| കരാർ -നം | 55/AE/LID&EW/KGP/22-23 തീ.22.02.2023 |
| മൂല്യനിർണ്ണയം | ₹317209/- (GST ഉൾപ്പെടെ) |
| കരാറുകാരൻ | ബിജുമോൻ.കെ.എ |
| Cost Index | 39.83% |
| Esti. No.- | 60327/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമ പഞ്ചായത്തിൽ കോവിൽക്കടവ് എന്ന സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചിട്ടുള്ളതാണ് പ്രസ്തുത വൃദ്ധസദനം. വൃദ്ധസദനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി മിക്ക വർഷങ്ങളിലും തുക ചെലവഴിക്കുന്നുണ്ട്. തൻവർഷവും ₹300000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ദിണ്ടുകൊമ്പ് പള്ളി വക സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിൽ വെള്ളം, വഴി എന്നീ പ്രാഥമിക സൗകര്യങ്ങൾ ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. വൃദ്ധസദനം സ്ഥിതി ചെയ്യുന്ന പള്ളി വക സ്ഥലം പഞ്ചായത്തിന് കൈമാറി നൽകിയ വിവരങ്ങൾ ലഭ്യമല്ല. ലക്ഷങ്ങൾ മുടക്കി പണിതിട്ടുള്ള ഈ വൃദ്ധസദനത്തിൽ നിലവിൽ അന്തേവാസികളാരുമില്ലാതിരുന്നിട്ടും വൃദ്ധസദനത്തിന്റെ പ്രവർത്തനത്തിനായി കെയർടേക്കറെ നിയമിച്ച് വേതനം നൽകിവരുന്നു. പഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിനായി വഹിക്കുന്ന ചെലവുകൾക്ക് യാതൊരു പ്രയോജനവുമില്ല. വയോജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് നിർമ്മിച്ച കെട്ടിടം വയോജനങ്ങളുടെ ഉല്ലാസത്തിനും മറ്റും പൂർണ്ണമായ രീതിയിൽ പ്രയോജനപ്പെടുത്താതിരിക്കുന്നതിന് മറുപടി

നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.8/9.10.2024) മറുപടിയിൽ വൃദ്ധസദനം സ്ഥിതി ചെയ്യുന്ന പള്ളി വക സ്ഥലം പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും നിലവിൽ 42 അന്തേവാസികൾ താമസിക്കുന്നതായും പ്രാഥമിക സൗകര്യങ്ങൾ ഉള്ളതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഉപയോഗിക്കുന്നതിനുള്ള വെള്ളം വിലയ്ക്കാണ് വാങ്ങുന്നതെന്ന് നിലവിൽ താൽക്കാലികമായി താമസിക്കുന്ന പ്രളയം ബാധിച്ച കുടുംബം അറിയിച്ചു. വൃദ്ധസദനത്തിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**1-18 ഗ്രീൻ ചെക്ക് പോസ്റ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. തടസ്സം ₹1,77,668/-**

| | |
|---|---|
| പദ്ധതി .നം/പദ്ധതി | കോവിൽകടവിൽ ഗ്രീൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കൽ<br>100/23-24 |
| അടങ്കൽ തുക<br>ഫണ്ട് | ₹500000/-വികസന ഫണ്ട് ജനറൽ (2022-23)<br>₹288121/-വികസന ഫണ്ട് ജനറൽ (2023-24) |
| ചെലവ് വിവരം<br>ബിൽ നമ്പർ-തുക തീയതി | 2210035201030155164-₹211879/-29.3.2023 (2022-23/പദ്ധതി നം.181)<br>22100352010301540984-₹177668/-25.3.2024 (2023-24/പദ്ധതി നം.100) |
| അളവ് ബുക്ക് | E-M Book |
| കരാർ - | 65/AE/LSGD/KGP/2022-23 |

| | |
|---|---|
| | 14.03.2023 |
| കരാറുകാരൻ | അഗസ്റ്റ്യൻ ദേവാനന്ദ് |
| കോസ്റ്റ് ഇൻഡക്സ് | 39.83% |
| എസ്റ്റിമേറ്റ് നമ്പർ | 95442/2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനായി കോവിൽകടവ് എന്ന സ്ഥലത്ത് ഗ്രീൻ ചെക്ക് പോസ്റ്റ് ,ഗാർഡ് റൂം,സ്റ്റാൾ എന്നീവ നിർമ്മിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി 2022-23 വർഷം ₹211879/യും 2023-24 വർഷം ₹177668/-യും ആകെ രണ്ട് വർഷങ്ങളിലായി ₹389547/- ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷത്തിൽ നിർമ്മാണം ആരംഭിച്ച് 2023-24 ൽ പണി പൂർത്തികരിച്ചുവെങ്കിലും പദ്ധതി നാളിതുവരെയായി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2. ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം വേണമെന്നിരിക്കെ അനുവാദം വാങ്ങിച്ചിട്ടില്ല.

3. ചെക്ക് പോസ്റ്റിൽ പരിശോധനയ്ക്കായി ജീവനക്കാരെ നിയമിച്ചിട്ടില്ല.

4. വൈദ്യുതി, വെള്ളം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

5. ഇത്തരം ഒരു ചെക്ക് പോസ്റ്റ് പണി കഴിപ്പിക്കുന്നതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

ഗ്രീൻ ചെക്ക് പോസ്റ്റ് കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ലെങ്കിൽ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറാൻ സാദ്ധ്യതയുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/9.10.2024) നൽകിയ മറുപടിയിൽ പദ്ധതിക്കായി PWD യിൽ നിന്നും അനുവാദം വാങ്ങിയിട്ടുള്ളതാണെന്നും ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണെന്നും വൈദ്യുതി സൗകര്യം പൂർത്തിയാക്കിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയോടൊപ്പം സാധൂകരിക്കുന്ന ഉപോൽബലകമായ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതിക്കായി തൻവർഷം ചെലവാക്കിയ തുക ₹177668/-തടസ്സപ്പെടുത്തുന്നു.

## <u>1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം</u>

പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം 2023-24 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) **പ്രവൃത്തികളുടെ നടത്തിപ്പ്**

| | | | |
|---|---|---|---|
| ആകെ പദ്ധതി | 87 | ആകെ അടങ്കൽ ₹ | 32803873 |
| നടപ്പിലാക്കിയത് | 37 | ചെലവ് ₹ | 9633018 |
| ശതമാനം | 42.52 | ചെലവ് ശതമാനം | 29.36 |

മേൽ നൽകിയ വിവരങ്ങൾ  പഞ്ചായത്തിന്റെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്.

**മറ്റ് അപാകതകൾ**

**I-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പഞ്ചായത്തിൽ പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**III) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

പഞ്ചായത്തിൽ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ

ചേർത്തിട്ടുള്ളത്.

**IV) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല**

എഞ്ചിനിയറിംഗ് വിഭാഗം നിർവഹണം നടത്തിയ പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

**V) പ്രവൃത്തി പൂർത്തീകരണ കാലയളവ് എല്ലാ കരാറിലും ഉൾപ്പെടുത്തുന്നില്ല.**

മരാമത്ത് പ്രവൃത്തികൾക്ക് അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് കരാറുകളിൽ വ്യക്തമാക്കാതെയാണ് കരാർ ചമക്കുന്നത്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതി നടത്തിപ്പിൽ പുരോഗതി കൈവരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**1-20 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.**

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പദ്ധതി | 6/24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 100000/- (റോഡിതര സംരക്ഷണ ഫണ്ട്) |
| ബിൽ | 231003520142006693 36 തീ. 17.10.2023 തുക ₹100000/- |

കേരള സംസ്ഥാന ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ പി.എഫ് 596 തീ 09.10.2023 പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹100000/- മരുന്നിനായി മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്

(രസീത് നം.8021 തീ 17.11.2023). എന്നാൽ മരുന്നുകൾ തൻവർഷം ലഭ്യമായിട്ടില്ല. ആയതിനാൽ ₹100000/- യുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം രേഖാമൂലം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - തുക അടവാക്കിയത് - ചെലവ് തടസ്സം ₹304128/-

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പദ്ധതി | 12/24 എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | ₹304128/- (പട്ടിക വർഗ്ഗ ഫണ്ട്) |
| ബിൽ | 23100352014200818458 തീ. 21.11.2023 തുക ₹304128/- |

പദ്ധതി നടത്തിപ്പിനായി കെൽട്രോണിന്റെ 19.06.2023 -ലെ 48982 നമ്പരായുള്ള പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 8 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി ₹304128/- മേൽ പരാമർശിത ബിൽ പ്രകാരം നൽകിയിട്ടുണ്ട് (അക്കൗണ്ട് നം 799011400003959 കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ). തുക അടവാക്കിയിട്ടും ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വന്നതായോ വിതരണം നടത്തിയതായോ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നില്ല. ആയതിന് എൻക്വയറി (നം 5/08.10.2024) നൽകിയതിന് ലാപ്ടോപ്പുകൾ കെൽട്രോണിൽ സ്റ്റോക്ക് യഥാസമയം ഇല്ലാത്തതിനാൽ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും തുക പഞ്ചായത്തിൽ തിരികെ ഒടുക്കുവാനുള്ള കത്ത് കെൽട്രോണിന് ഉടനെ നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം (11/2024) എന്ന പദ്ധതിയിൽ 19.06.2023 -ലെ 48981 നമ്പരായുള്ള പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 18 ലാപ്ടോപ്പ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായി വിതരണം

നടത്തിയിട്ടുണ്ട്. എന്നാൽ അന്നേ ദിവസം തന്നെ നൽകിയ മറ്റൊരു പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 8 ലാപ്ടോപ്പുകൾ കെൽട്രോണിന്റെ സ്റ്റോക്കിൽ ഇല്ല എന്ന മറുപടി യുക്തിരഹിതമാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ പലരും നിലവിൽ കോഴ്സ് പൂർത്തിയാക്കുന്നവരായിരിക്കുമെന്നതിനാൽ യഥാസമയം കെൽട്രോണിൽ നിന്നും ലാപ്ടോപ്പുകൾ ലഭ്യമാക്കി വിതരണം നടത്താതിരുനാൽ അവർക്ക് ലാപ്ടോപ്പിന്റെ സഹായം യഥാസമയം പഠനത്തിൽ ലഭിക്കില്ല എന്ന് കാണുന്നു. പദ്ധതി വിജയകരമാക്കാൻ സാധിക്കാത്തതിനാൽ ₹304128/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ സാധിക്കുന്നില്ല എങ്കിൽ കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 1-22 എസ്.എസ്.എ. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സർവ്വ ശിക്ഷാ കേരള പദ്ധതിയുടെ ഭാഗമായി എസ്.എസ്.എ. വിഹിതം അടയ്ക്കൽ എന്ന പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹7,00,000/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ കേരള ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | |
| പ്രോജക്ടിന്റെ പേര് | ബിൽ നം./തിയതി | തുക (₹) |
| എസ്.എസ്.എ വിഹിതം അടയ്ക്കൽ (ടിഎസ്സ്പി) (36/2024) | 203100352010401065866/05.01.2024 | 200000 |
| | | |

| | | |
|---|---|---|
| എസ്.എസ്.എ വിഹിതം അടയ്ക്കൽ (എസ് സ്സിപി) (34/2024) | 203100352010401065861 /05.01.2024 | 300000 |
| എസ്.എസ്.എ വിഹിതം അടയ്ക്കൽ (ജനറൽ) (33/2024) | 20310035201040106587 /05.01.2024 | 200000 |

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ.-യിലെ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം എസ്.എസ്.എ. പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമപഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. എസ്.എസ്.എ. പ്രോജക്ടിനായി ചെലവഴിച്ച ₹7,00,000/- തടസ്സപ്പെടുത്തുന്നു.

## 1-23 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല -(ആയുർവ്വേദം)

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം വിതരണ ഏജൻസികൾക്ക് (ഔഷധി, തൃശ്ശൂർ) മുൻകൂറായി തുക കൈമാറിയിട്ടുണ്ട്. നാളിതുവരെ ഔഷധങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കൈമാറിയ തുക, ബിൽ നം./ തീയതി | ലഭ്യമായ മരുന്ന് | ലഭിക്കുവാനുള്ള മരുന്ന് |
|---|---|---|---|
| 42/24 ചമ്പക്കാട് ഗവ.ട്രൈബൽ ആയൂർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | ₹150000/-231003520102012896644/ 10.01.24 | 149072 | 928 |
| 41/24 ആയൂർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | ₹400,000/- 231003520102012896663/10.01.24 | 394011 | 5989 |
| ആകെ | | 543083 | 6917 |

മരുന്ന വാങ്ങൽ പദ്ധതികൾ മുഖേന രോഗികൾക്ക് ആവശ്യമായ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ₹6917/-ന്റെ മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**<u>1-24 സർക്കാർ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് നിലവാരം ഇല്ലാത്ത ലാപ്ടോപ്പുകൾ വിതരണം നടത്തുന്നു</u>**

പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 – ലെ സ.ഉ.(കൈ) 115/2022 ഉത്തരവിലെ 7.2.4 പ്രകാരവും നല്കേണ്ട ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 4 പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻ വർഷം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് 18 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം നടത്തിയതിൽ സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഇല്ല എന്ന് കാണുന്നു. വിശദവിവരം താഴെ നൽകുന്നു.

| ഇനം | സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ | കെൽട്രോൺ ലഭ്യമാക്കിയ ലാപ്ടോപ്പിലെ സ്പെസിഫിക്കേഷൻ |
|---|---|---|
| ഹാർഡ് ഡിസ്ക് | 512 ജി.ബി. | 256 ജി.ബി. |
| സോഫ്റ്റ് വെയർ | ഉബണ്ടു 20. | ഉബണ്ടു 18 |
| ബാറ്ററി ബാക്ക് അപ്പ് | 2 എച്ച്.ഡി വിഡിയോ 2 മണിക്കൂർ | സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല. |
| എക്സ്പാൻഷൻ പോർട്ട് | 3 യു.എസ്.ബി പോർട്ട് (ചുരുങ്ങിയത് രണ്ട് 3.0 യും ഒരു സി ടൈപ്പ്) | ഒരു യു.എസ്.ബി പോർട്ട് |
| കീ ബോർഡ് | ഇന്റഗ്രേറ്റഡ് സ്റ്റീരിയോ കീബോർഡ് വിത്ത് ടച്ച് പാഡ് | ടച്ച് പാഡ് |
| ചിപ് സെറ്റ് | ഒ.ഇ.എം കോംപാക്റ്റബിൾ | സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല. |
| മദർ ബോർഡ് | ഒ.ഇ.എം കോംപാക്റ്റബിൾ | സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല. |

വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന സ്പെസിഫിക്കേഷനുകളുള്ള ലാപ്ടോപ്പുകൾ നൽകുന്നതിനാണ് സർക്കാർ നിർദ്ദേശിട്ടുള്ളത്. എന്നാൽ അത്തരം ലാപ്ടോപ്പുകളല്ല ഗ്രാമപഞ്ചായത്ത് മുഖാന്തിരം വിതരണം നടത്തിയത്. സർക്കാരിന്റെ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

**<u>1-25 ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ – കച്ചാരം വാട്ടർഫാൾസ് – കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി തുടങ്ങിയില്ല ചെലവ് തടസ്സം - ₹1000000/-</u>**

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പദ്ധതി | 69/24 ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ – കച്ചാരം വാട്ടർഫാൾസ് – ട്യൂറിസം പദ്ധതി |
| അടങ്കൽ | ₹1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹4219663/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| ബിൽ & വൗച്ചർ നം | 58/622, 45/14708 തീ. 18.03.2024 തുക ₹450000/-<br>59/621, 44/14708 തീ. 18.03.2024 തുക ₹450000/-<br>67/672, 47/14708 തീ. 21.03.2024 തുക ₹100000/- |

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ ഇറച്ചിൽപാറ വെള്ളച്ചാട്ടവും മൂന്നാം വാർഡിലെ കച്ചാരം വെള്ളച്ചാട്ടവും വിനോദ സഞ്ചാര വകുപ്പിന്റെ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി കാന്തല്ലൂർ ഗ്രാമപഞ്ചായത്തും വിനോദസഞ്ചാര വകുപ്പും സംയുക്തമായി ഏറ്റെടുത്ത് സൗന്ദര്യവൽക്കരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ്.

വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 23.03.2023 ലെ പി23902/2023 പ്രകാരം "കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് - ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപ്പാറ-കച്ചാരം വാട്ടർ ഫാൾസ്" എന്ന പദ്ധതിക്ക് ₹7032771/- വകയിരുത്തുകയും ഇതിൽ വിനോദസഞ്ചാര വകുപ്പിന്റെ വിഹിതം ₹4219663/- യും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഹിതം ₹2813108/- യും ആണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഹിതം ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ടൂറിസം വകുപ്പിന്റെ വിഹിതം അനുവദിക്കുകയുള്ളൂ എന്നും പദ്ധതി നടത്തിപ്പിനുള്ള കരാറുകാരനെ തദ്ദേശസ്വയംഭരണ വകുപ്പ് കണ്ടെത്തേണ്ടതാണെന്നും പദ്ധതിയുടെ കാലയളവ് 12 മാസം ആയിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് വിനോദസഞ്ചാര വകുപ്പും ഗ്രാമപഞ്ചായത്തും തമ്മിൽ 28.03.2023 -ൽ കരാറിൽ ഏർപ്പെടുകയും ₹2888000/- യുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

ഇടുക്കി ജില്ലാ നിർമ്മിതി കേന്ദ്രം വഴി പദ്ധതി നടപ്പാക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2023 – ലെ 1(11) നമ്പർ പ്രകാരം തീരുമാനിക്കുകയും 03.01.2024-ലെ എസ്.സി - 2- 970/2023 നമ്പർ കത്ത് പ്രകരം നിർമ്മിതി കേന്ദ്രത്തെ അറിയിക്കുകയും ചെയ്തു. അതിൻ പ്രകാരം നിർമ്മിതി കേന്ദ്രം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുകയും 20.02.20234 -ലെ 1(4) നമ്പർ തീരുമാനപ്രകാരം പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് 26.02.2024 - ൽ ഗ്രാമപഞ്ചായത്തും നിർമ്മിതികേന്ദ്ര പ്രോജക്ട് എഞ്ചിനീയറും തമ്മിൽ കരാർ ചമക്കുകയും ചെയ്തു. കരാർ പ്രകാരം 20% തുക മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകേണ്ടതാണെന്ന് വ്യവസ്ഥയുള്ളതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/02/2024 – ലെ 400539/ ഡി.പി.സി.ഡി02/ജി.പി.ഓ/2024/475(1) ഉത്തരവിൽ നിർവ്വഹണ കാലാവധി 6 മാസമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പരാമർശിത ബിൽ പ്രകാരം ₹1000000/- പ്രൊജക്ട് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ (120027548385 CNRB007443) നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായുള്ള കരാർ അടിസ്ഥാനത്തിൽ 6 മാസത്തിനകം നിർമ്മിതി കേന്ദ്രം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെയും പദ്ധതി സ്ഥലത്ത് നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് പിന്നീട് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ ₹1000000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിന് ഓഡിറ്റ് എൻക്വയറി (11/09.10.2024) നൽകിയതിന് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച് അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ഉചിത

തീരുമാനം എടുത്ത് നിർമ്മിതികേന്ദ്രത്തിന് നൽകുന്നതാണെന്നും 30.03.2025 നകം പ്രവർത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

**1-26 പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സം ₹285000/-**

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| പദ്ധതി | 10/24 പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കലും അനുബന്ധ പ്രവർത്തനങ്ങളും |
| അടങ്കൽ | ₹572000/- (പൊതുവിഭാഗം ഫണ്ട്) |
| ബിൽ | 2310035201420156681 8 തീ. 27.03.2024 തുക ₹285000/- |

ഗ്രാമപഞ്ചായത്തിന്റെ പൊതു ആസ്തി വിവരങ്ങൾ, സ്ട്രീറ്റ് ലൈറ്റ് വിവരങ്ങൾ തുടങ്ങിയവ ജി.പി.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്മെന്റിന് മേൽ പരാമർശിത ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 571011466364 SBIN0070173). എന്നാൽ പുതുക്കിയ ആസ്തി രജിസ്റ്റർ ഇതുവരെ ഏജൻസി തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പരാമർശത്തിന് ഓഡിറ്റ് എൻക്വയറി (13/09.10.2024 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹285000/- തടസ്സം ചെയ്യുന്നു. പുതുക്കിയ രജിസ്റ്റർ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-27 അവശ്യരേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സം ₹1039955/-**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | തുക അടവാക്കിയ സ്ഥാപനം | തുക ₹ | ബിൽ നമ്പർ തീയതി | ഹാജരാക്കാത്ത രേഖ |
|---|---|---|---|---|---|
| 1 | 220 /24 ഐ.കെ.എം മെമ്പർഷിപ്പ് ഫീ | എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷൻ 799010100348424 TRY ACC | 600000 | 23100352014201558124 തീ. 26.03.2024 | ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല |
| 2 | 219/2024 ഐ.കെ.എം മെമ്പർഷിപ്പ് ഫീ | എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷൻ 799010100348424 TRY ACC | 300000 | 23100352014201548809 തീ. 25.03.2024 | ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല |
| 3 | 3/2024 ഐ.കെ.എം വിഹിതം | ഇൻഫർമേഷൻ കേരളാ മിഷൻ 57047023512 SBIN0070090 | 139955 | 23100352014200662834 തീ 05.10.2023 | ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | 1039955 | | |

അവശ്യ രേഖകൾ ഹാജരാക്കാത്തതിനാൽ ₹1039955/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ച നഷ്ടം ₹21369/-

| നിർവഹണം | സെക്രട്ടറി | |
|---|---|---|
| പദ്ധതി | 203 കോവിൽകടവ് പൊതു ടോയ് ലറ്റ് വൈദ്യുതീകരണം | 184/24 ഒടംകണ്ണി ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം |
| അടങ്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹50000 | ₹74000 |
| വൗച്ചർ നമ്പർ തീയതി | 75/760, 58/14708 തീ. 29.03.204<br>₹43397 | 76/760, 60/14708 തീ. 29.03.204<br>₹64112 |

മേൽ പരാമർശിത പദ്ധതികളുടെ സ്ഥലപരിശോധന നടത്തിയതിൽ ചെയ്യാത്ത പ്രവർത്തികൾ എം.ബുക്കിൽ ഉൾപ്പെടുത്തി തുക മാറിയതായി കാണുന്നു.

| പദ്ധതി | എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് | | | | പരിശോധനയിൽ കണ്ടെത്തിയത് | | അധികം (₹) |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | റേറ്റ് (₹) | ആകെ (₹) | എണ്ണം (₹) | ആകെ (₹) | |
| 203/24 കോവിൽകടവ് പൊതു ടോയ് ലറ്റ് വൈദ്യുതീകരണം | 19 Charges For Cutting Holes Exhaust Fan | 3 | 646.39 | 1939.17 | 0 | 0 | 1939.17 |
| | 20. Installation Of Exhaust Fan | 3 | 622.75 | 1868.25 | 0 | 0 | 1868.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 21. Supply And Fixing Brass Batton | 3 | 143.02 | 429.06 | 0 | 0 | 429.06 |
| | | | | ആകെ | | | 4236.48 |
| | | | | 18% ജി.എസ്.റ്റി ഉൾപ്പെടെ | | | 4999.04 |
| 184/24 ഒടംകണ്ണി ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 18 Earthing With G.I Earth Plate 600mmX600mmX6mm | 1 | 7713.78 | 7713.78 | 0 | 0 | 7713.78 |
| | 23. 20W LED Street Light | 1 | 2386.24 | 2386.24 | 0 | 0 | 2386.24 |
| | 4. Supply & Installation Of Light Fittings On TW Round Block | 6 | 1257.65 | 7545.90 | 3 | 3772.95 | 3772.95 |
| | | | | ആകെ | | | 13872.97 |
| | | | | 18% ജി.എസ്.റ്റി ഉൾപ്പെടെ | | | 16370.10 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ നഷ്ടം (4999.04+16370.10) | 21369.14 |

നേരിൽ പരിശോധന നടത്താതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അളവ് ബുക്കിലെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ചെക്ക് മെഷർ ചെയ്തിരിക്കുന്നത് എന്നും വ്യക്തമാകുന്നു. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവെടുത്തതും ചെക്ക് മെഷർ ചെയ്തതും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നടത്തിപ്പിനുവേണ്ടി ജില്ലാതലത്തിൽ രൂപീകരിച്ചിരിക്കുന്ന സമിതിയിലെ അംഗങ്ങളാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, അളവെടുക്കുക എന്നീ ജോലികൾ നടത്തിയത് ശ്രീ. ശശി ബി മറ്റും ചെക്ക് മെഷർ ചെയ്തതത് ശ്രീ. കെ. എ. എബ്രഹാമുമാണ് കൃത്യ നിർവ്വഹണത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ വീഴ്ച വരുത്തിയിരിക്കുന്നു. ആയതിനാൽ നഷ്ടതുക ₹21,369/- ഈ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-29 വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.-ചെലവ് തടസ്സം ₹143661/-

തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെ പരാമർശിക്കുന്ന വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയാക്കിയെങ്കിലും ഇതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| | |

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ ₹ | ചെലവ് ₹ | ബിൽ / റികിസിഷൻ നമ്പർ തീയതി | വൈദ്യുതീകരണ പ്രവർത്തി പൂർത്തിയായ തീയതി |
|---|---|---|---|---|---|
| 1 | 186/24 പുതിയ എം.സി.എഫിന് വൈദ്യുതീകരണം | 50000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 43348 | 5058007201230083 തീ 25.03.2024 | 25.03.2024 |
| 2 | 182/24 കോവിൽ കടവ് എം.സി.എഫിന് വൈദ്യുതീകരണം | 64700 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 56060 | 505800720230077 തീ 25.03.2024 | 25.03.2024 |
| 3 | 181/24 കോവിൽ കടവ് ഗ്രീൻ ചെക്ക്പോസ്റ്റ് വൈദ്യുതീകരണം | 54600 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 44253 | 505800720230078 തീ 25.03.2024 | 25.03.2024 |
| | ആകെ | | 143661 | | |

വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനാൽ ₹143661/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതിയുടെ പ്രവർത്തന ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-30 ലൈഫ് ഭവന പദ്ധതി ഹഡ്കോവായ്പ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

20.05.2023 ലെ എൽഎസ്ജിഡി/പിഡി/32160/20.05.2023 ലെ എൽഎസ്ജിഡി/പിഡി/32160/2023-ഡിപിഎൽസി 3 ഉത്തരവ് പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾക്കായി ഹഡ്കോയിൽ നിന്നും വായ്പ എടുത്ത വിവിധ തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാകുന്ന വായ്പയുടെയും ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്ന വായ്പയുടെയും വിശദാംശങ്ങൾ, രജിസ്റ്ററുകൾ ഇവ ഓരോ സ്കീമിനും കൃത്യമായി സൂക്ഷിക്കേണ്ടതാണെന്ന് ഹഡ്കോ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല. ഹഡ്കോ നിഷ്കർഷിച്ചിട്ടുള്ള ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിന് അടിയന്തിര നപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല ചെലവ് തടസ്സം ₹399023/-**

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പരാമർശിക്കുന്ന പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നം | പദ്ധതി | ബിൽ നം. തീയതി | സുലേഖ പ്രകാരം ചെലവ് ₹ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 13 തെരുവ് വിളക്ക് മെയിന്റനനൻസ്-എൽ.ഇ.ഡി ലൈറ്റും മെയിന്റനൻസ് സാധനങ്ങളും വാങ്ങലും. സി.എഫ്.സി ഗ്രാന്റ് | Reg.No. 5058007201 230038/ 04.12.2023 | 399023 |

ആയതിന് ഓഡിറ്റ് എൻക്വയറി (20/10.10.2024) നൽകിയെങ്കിലും മറുപടിയോ ഫയലുകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ₹399023/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി- സബ്സിഡി നിരക്കിന് അധികരിച്ച് തുക നൽകി

ഗ്രാമപഞ്ചായത്തിലെ നെൽകൃഷി കർഷകർക്ക് നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | നെൽകൃഷികർഷകർക്ക് കൂലി ചെലവ് , 28/24 |
| നിർവഹണഉദ്യോഗസ്ഥൻ<br><br>അടങ്കൽ തുക | കൃഷി ഓഫീസർ<br><br>250000/- വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് തുക/ട്രഷറി ബിൽ നം./തീയതി | ആകെ-250000/-വികസന ഫണ്ട്(പൊതു വിഭാഗം)<br>1)85000/-,23100300000013153/23.2.2024<br>2)97500/-,23100300000013140/22.2.2024<br>3)67500/-,23100300000013160/24.2.2024 |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/എൽ.എസ്.ജി.ഡി. തീയതി 28.05.2022 പ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരുപ്പൂ കൃഷിക്ക് ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക ₹25000/- ആണ്. ആകെ 18 ഗുണഭോക്താക്കൾക്കാണ് സബ്സിഡി തുക നൽകിയിരിക്കുന്നത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ സബ്സിഡി മാനദണ്ഡം ലംഘിച്ചാണ് താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സബ്സിഡി നൽകിയ തുക /ട്രഷറി റഫറൻസ് നം./തീയതി | കൃഷി സ്ഥലത്തിന്റെ അളവ് (കരം അടച്ച രസീത് പ്രകാരം ) | അർഹമായ സബ്സിഡി തുക ₹ | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കെ .വി മുരുകൻ കരയൂർ ഗ്രാമം പയസ് നഗർ | 20000/- 231003000000013140/ 22.2.2024 | 68 ആർ 48 ച. മീറ്റർ | 17100/- (25000x1.71/2.5) | 2900/- | സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. |
| 2 | കരുണാകരൻ കാരയൂർ ഗ്രാമപഞ്ചായത്ത് | 15000/-, 231003000000013140/ 22.2.2024 | 28ആർ 73 ച.മീ | 7186/- (25000x0.71/2.47) | 7814/- | 3 ഏക്കർ സ്ഥലമുണ്ടെന്നും ആയതിൽ നെൽ കൃഷി യാണ് ചെയ്തിട്ടുള്ളതെന്നുമുള്ള വാർഡ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മെമ്പറുടെ സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് |
| 3 | അരുണ ആർ കീഴാന്നൂർ | 10000/- 231003000000013140/ 22.2.2024 | 36ആർ 2 ച.മീ | 9100/- (25000x0.91/2.5) | 900 | 1 ഏക്കർ സ്ഥലമുണ്ടെന്നും ആയതിൽ നെൽ കൃഷി ചെയ്തുവരുന്നതായുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് |
| 4 | പി.ആർ ലക്ഷ്മണൻ കീഴാന്നൂർ | 10000/-, 231003000000013153/ 23.2.2024 | 23ആർ 40 ച.മീ | 5900/- (25000x0.59/2.5) | 4100/- | 3 ഏക്കർ സ്ഥലമുണ്ടെന്നും ആയതിൽ നെൽ കൃഷി യാണ് ചെയ്തിതിട്ടുള്ളതെന്നുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് |
| | ആകെ തുക | | | | 15714/- | |

2) പ്രഭ എസ്, കാരലൂർ ഗ്രാമം എന്ന വ്യക്തിയുടെ നെൽകൃഷിക്ക് സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷയിലെ പാട്ടക്കരാർ പരിശോധിച്ചതിൽ, പി.എ വേണുഗോപാൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 328/24,411/5,434/14 സർവേ നമ്പറിൽപ്പെട്ട കായപ്പാറയിലുള്ള 100 സെന്റ് സ്ഥലം കരിമ്പ് കൃഷി ചെയ്യുന്നതിനാണ് 14.8.2019 ൽ 5 വർഷത്തേക്ക് പാട്ടത്തിനു നൽകിയിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ പട്ടികയിലെ ക്രമ നം.2 ബിൽ നമ്പർ പ്രകാരം സബ്സിഡി തുക 12500/-രൂപ നൽകിയിരിക്കുന്നത് നെൽകൃഷിക്ക് കൂലിച്ചെലവിനാണ്.

3) പി.എൻ വിജയൻ പുത്തൻപറമ്പിൽ എന്ന വ്യക്തിയുടെ അപേക്ഷ പ്രകാരം 5 ഏക്കർ സ്ഥത്തിൽ കരിമ്പ് കൃഷി ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ പട്ടികയിലെ ക്രമ നം.1 ബിൽ നമ്പർ പ്രകാരം 15000/-രൂപ സബ്സിഡി നൽകിയിരിക്കുന്നത് നെൽകൃഷിയുടെ കൂലിച്ചെലവിനാണ്. 5 ഏക്കർ സ്ഥലത്തിൽ കരിമ്പ് കൃഷിയാണ് ചെയ്തത് എന്നത് നേരിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ നിർവഹണ ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് , കരം അടച്ച രസീത് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/8.10.2024) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ക്രമ നം. 1,2,3 ലെ ആകെ തുകയായ 43214/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-33 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് മുൻകൂർ നൽകിയ തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല</u>

വൗച്ചർ നമ്പർ 1796/21.3.2024 പ്രകാരം 50000/- രൂപ കണ്ടിജെന്റ് ചെലവുകൾക്കായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് ഗ്രാമപഞ്ചായത്തിലെ തനതു ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ മുൻകൂർ നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതു പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/8.10.2024) മറുപടി ലഭ്യമായിട്ടില്ല. നാളിതുവരെയും

ചെലവഴിക്കാത്ത തുക പഞ്ചായത്തു ഫണ്ടിൽ തിരിച്ചടക്കുന്നതു വരെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ- അക്രിലിക് നെയിം ബോർഡുകൾ സ്ഥാപിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്നു**

ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി/സി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ , SO 171/24 |
| ചെലവ് തുക /ബിൽ നം./ തീയതി | 1) 18000/-5058000401230005/15.9.23<br>2) 33998/- 5058000401230006/19.09.23 |
| ആകെ | 51998/- ഹെൽത്ത് ഗ്രാന്റ് |

മേൽ പദ്ധതി പ്രകാരം നിർവഹണോദ്യോഗസ്ഥൻ കാന്തല്ലൂർ സി.എച്ച്.സിയുടെ പരിധിയിലുള്ള വിവിധ ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾക്കായി ആകെ 51998/- രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികയിലെ ബിൽ നം. 1 പ്രകാരം ₹18000/- ചെലവഴിച്ചത് നാല് സെന്ററുകളിൽ (ഒരു മെയിൻ സെന്റർ ഉൾപ്പെടെ) ചുമർ ചിത്രം വരക്കുന്നതിനാണ്. ആയത് ചെയ്തിട്ടുണ്ട്. കൂടാതെ കാന്തല്ലൂർ സി.എച്ച്.സി യുടെ പരിധിയിലുള്ള കാന്തല്ലൂർ മെയിൻ സെന്റർ, കാന്തല്ലൂർ, കാരയൂർ, ദെണ്ടുകെമ്പ് എന്നീ സബ്സെന്ററുകളിൽ അക്രിലിക്

നെയിംബോർഡ് സ്ഥാപിക്കുന്നതിനായി പിക്സൽ സി.എൻ.സി കട്ടിംഗ് മണ്ണാർകാട് എന്ന സ്ഥാപനത്തിന് 33998/- നൽകിയിട്ടുണ്ട്. എന്നാൽ 9.10.2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ സി.എച്ച്.സി യുടെ പരിധിയിലുള്ള കാന്തല്ലൂർ മെയിൻ സെന്റർ, കാന്തല്ലൂർ സബ്സെന്റർ എന്നിവിടങ്ങളിലെ അക്രിലിക് നെയിം ബോർഡുകൾ സ്ഥാപിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്നതായി ബോധ്യപ്പെട്ടു. ചിത്രം കാണുക






സബ്സെന്റർ-കാന്തല്ലൂർ

മെയിൻസെന്റർ-കാന്തല്ലൂർ

ആയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/6.10.2024) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ സി.എച്ച്.സി യുടെ പരിധിയിലുള്ള കാന്തല്ലൂർ മെയിൻ സെന്റർ, കാന്തല്ലൂർ സബ്സെന്റർ എന്നിവിടങ്ങളിലെ അക്രിലിക് നെയിം ബോർഡുകൾ സ്ഥാപിക്കുന്നതിന് ചെലവായ 16998/- രൂപയുടെ (പട്ടികയിലെ ബിൽ നം.2) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 20.05.2023 ലെ സ.ഉ(സാധാ) നം.1068/2023/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് കൊണ്ട് മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ എത്രത്തോളം നടപ്പാക്കുവാൻ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിനായി എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നു.

ഇടുക്കി ജില്ലയിൽ ദേവികുളം ബ്ലോക്കിന് കീഴിൽ വരുന്ന കാർഷിക മേഖലയിൽ ഊന്നിയ സമ്പത്ത് ഘടനയുള്ള ഗ്രാമപഞ്ചായത്താണ് കാന്തല്ലൂർ. ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കാലാവസ്ഥയും ജനങ്ങളുടെ ജീവിത നിലവാരവുമൊക്കെ മാലിന്യത്തിന്റെ തോത് രൂപപ്പെടുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്. വലിയ തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങളോ സംരംഭ പ്രവർത്തനങ്ങളോ പൊതുചന്തകളോ പരിസ്ഥിതിയെ മലിനപ്പെടുത്തുന്ന വലിയ വ്യവസായ കേന്ദ്രങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. എന്നിരുന്നാലും ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകൾ വിനോദസഞ്ചാര കേന്ദ്രങ്ങളായതിനാൽ പ്ലാസ്റ്റിക് കുപ്പികൾ, ഡയപ്പർ എന്നിവ അടക്കമുള്ള അജൈവ മാലിന്യങ്ങൾ പല സ്ഥലങ്ങളിലും വലിച്ചെറിയുന്ന സാഹചര്യം നിലവിലുണ്ട്. ഇന്നത്തെ ജീവിത ശൈലിയുടെ ഭാഗമായ അജൈവ മാലിന്യത്തിന്റെ അളവ് പരിസ്ഥിതിയ്ക്ക് ആഘാതമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കേണ്ടത് അനിവാര്യമാണ്. വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥാപനങ്ങളിലും രൂപപ്പെടുന്ന

അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച്, തരം തിരിച്ച്, സംഭരിച്ച് പുനരുപയോഗത്തിനും പുനചക്രമണത്തിനും കൈമാറുന്നതിന് കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ഹരിത കർമ്മ സേന പ്രവർത്തിച്ചു വരുന്നു.

1) <u>അടിസ്ഥാന വിവരം</u>

പതിമൂന്ന് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 10963 ആണ്. ആകെ 3078 വീടുകളും 139വാണിജ്യ സ്ഥാപനങ്ങളും 77 റിസോർട്ടുകളുമാണുള്ളത്. നിലവിൽ 27 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഒരു വാർഡിലെ അംഗങ്ങൾക്ക് ഒരു ദിവസം സേവനങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ 70-80 വീടുകൾ അടങ്ങുന്ന ഓരോ ക്ലസ്റ്ററുകളായി വിഭജിച്ച് മാലിന്യം ശേഖരിച്ചു വരുന്നു.

2) <u>മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ</u>

മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ 2 എം.സി.എഫ്, 15 മിനി എം.സി.എഫ് എന്നിവ പ്രവർത്തിക്കുന്നു. നിലവിൽ 800,600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള രണ്ട് എം.സി.എഫ് കളാണ് ഉള്ളത്. അവിടെ ശുചിമുറി,യുണ്ടെങ്കിലും വൈദ്യുതി കണക്ഷനും ജല ലഭ്യതയും ഇല്ല. സ്റ്റോറേജ്, സോർട്ടിംഗ് ഏരിയ, വെയിംഗ് മെഷിൻ, ക്യാമറ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. റോഡ് സൗകര്യം, ഫയർ എക്സ്റ്റിംഗ്യൂഷറുകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.

<u>3) ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ</u>

2017 ൽ ഹരിത കർമ്മ സേന ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. ആകെ 27സേനാംഗങ്ങളാണ് നിലവിലുള്ളത്. മാലിന്യ പരിപാലനത്തിന്റെ ബോധവല്ക്കരണ പരിപാടികൾ ജനങ്ങൾക്ക് എത്തിക്കുക ആയിരുന്നു പ്രവർത്തനത്തിന്റെ ആദ്യഘട്ടം. ഭാഗികമായ അജൈവ മാലിന്യ ശേഖരണമാണ് ആദ്യ കാലങ്ങളിൽ നടന്നിരുന്നത്. പിന്നീട് ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ പ്രവർത്തന ഫലമായി വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും യൂസർ ഫീ കളക്ട് ചെയ്യുന്നതിനുമുള്ള സാഹചര്യം സംജാതമായി. വീടുകളിൽ നിന്നും 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും 2023-24 വർഷം യൂസർ ഫീ ഈടാക്കി വരുന്നു.

## 4. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിതകർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ്-ൽ സൂക്ഷിക്കുകയും അവ തരം തിരിച്ച് സമയബന്ധിതമായും കാര്യക്ഷമമായും എം.സി.എഫ്-ലേക്ക് മാറ്റുന്നു. എം.സി.എഫ്.-ൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. 2023-24 വർഷം ആകെ 2940 കി.ഗ്രാം മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ചു കൊണ്ടുപോയി.

## 5) റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലാൻഡ് ഫില്ലുകളോ ലെഗസി മാലിന്യ നിക്ഷേപങ്ങളോ ഇല്ല.

**6) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതിനായി ഗ്രാമസഭകളിൽ വിശദീകരണവും കുടുംബശ്രീ, പൊതുപരിപാടികൾ എന്നിവ വഴി അറിയിപ്പുകളും നൽകിയിട്ടുണ്ട്. കുട്ടികളുടെ ഹരിത സഭ പെരുമല എസ് എച്ച് ഹൈസ്കൂളിൽ വച്ച് നടത്തിയിട്ടുണ്ട്.

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 5 സ്ഥാപനങ്ങളിൽനിന്നും രണ്ട് വ്യക്തി കളിൽ നിന്നും പിഴയായി 18000/-രൂപ ഈടാക്കിയിട്ടുമുണ്ട്.

7) **തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മ സേനാംഗങ്ങളായി 27 പേരും ഡ്രൈവറായി ഒരാളും തൊഴിലെടുക്കുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രതിമാസം കുറഞ്ഞത് പതിനായിരം രൂപ ഉറപ്പ് വരുത്തുന്നതിനുമുള്ള നപടികളൊന്നും ഹരിത കർമ്മസേനയോ തദ്ദേശ സ്വയം ഭരണ സ്ഥാപനമോ സ്വീകരിച്ചിട്ടില്ല. യൂസർ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ ₹1501900/- ലഭിച്ചിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കുന്നതിനായുള്ള ക്യൂ.ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കുവാനും അതുവഴി യൂസർ ഫീ ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്തിനായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ

സേവനങ്ങൾക്ക് യൂസർ ഫീ നിർബന്ധമാക്കിയിട്ടുണ്ട്.ഹരിതകർമ്മ സേനക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രോജക്ട് നം So173/23 പ്രകാരം ₹497000/- ചെലവഴിച്ച് ഇലക്ട്രിക് ഓട്ടോ വാങ്ങിയെങ്കിലും ആയത് ഹരിതകർമ്മ സേനക്ക് ഉപയുക്തമാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ ട്രാക്ടർ ഉപയോഗിച്ചാണ് നിലവിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്.

## 8) <u>പരിശീലനവും വികസനവും</u>

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, കുടുംബശ്രീ മിഷനും സുരക്ഷ സംബന്ധിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥരും പരിശീലനം നല്കിയിട്ടുണ്ട്.

## <u>9) നിയമങ്ങൾ പാലിക്കൽ</u>

മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്. എല്ലാ മാസവും മീറ്റിംഗുകൾ നടത്തി അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

## 10)<u> പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം</u>

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്താൻ സാധിക്കാത്തതും ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

ഇത്തരം പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ഭൂരിപക്ഷവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

**ശുപാർശകൾ**

. വിനോദ സഞ്ചാരമേഖലകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കേണ്ടതാണ്.

. പഞ്ചായത്തിന്റെ എം സി എഫിൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളവും വൈദ്യുതിയും എത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക

- ഹരിത കർമ്മസേനയുടെ വാഹനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വാഹനം ഓടിക്കുന്നതിന് സേനാംഗങ്ങളെ പ്രാപ്തരാക്കാവുന്നതുമാണ്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനുള്ള മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
- ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമുഴി മോഡൽ മുഖേനയും സംസ്കരിക്കാവുന്നതാണ്.

നിരന്തരം വികസിക്കുന്ന ഒരു സംരംഭ മേഖലയാണ് മാലിന്യ സംസ്കരണം. വരുമാനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി സാധിക്കുന്നു എന്ന പ്രത്യേകത ഈ പ്രവർത്തനത്തിന് ഉണ്ട്. മാറുന്ന സാഹചര്യത്തിൽ ഹരിത കർമ്മസേനയ്ക്ക് ഒരു സംരംഭം എന്ന നിലയിൽ സാധ്യതകൾ നിരവധിയാണ്. അജൈവ മാലിന്യ സംസ്കരണം,

ജൈവ മാലിന്യ സംസ്കരണം, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, റിപ്പയറിംഗ്, പരിസര സൗന്ദര്യവത്ക്കരണം, ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സംരംഭ സാധ്യതകൾ തുടങ്ങി ഇതിനകം ഉയർന്നു വന്നതും ഇനി ഉരുത്തിരിയാൻ സാധ്യതകൾ ഉള്ളതുമായ ഒരു മേഖലയാണ് ഇത്. പ്രസ്തുത സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിച്ച നഷ്ടം ₹21369/-

| | | |
|---|---|---|
| നിർവഹണം | സെക്രട്ടറി | |
| പദ്ധതി | 203 കോവിൽകടവ് പൊതു ടോയ് ലറ്റ് വൈദ്യുതീകരണം | 184/24 ഒടംകണ്ണി ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം |
| | | |

| | | |
|---|---|---|
| അടങ്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹50000 | ₹74000 |
| വൗച്ചർ നമ്പർ തീയതി | 75/760, 58/14708 തീ. 29.03.204 ₹43397 | 76/760, 60/14708 തീ. 29.03.204 ₹64112 |

മേൽ പരാമർശിത പദ്ധതികളുടെ സ്ഥലപരിശോധന നടത്തിയതിൽ ചെയ്യാത്ത പ്രവർത്തികൾ എം.ബുക്കിൽ ഉൾപ്പെടുത്തി തുക മാറിയതായി കാണുന്നു.

| പദ്ധതി | എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് | | | | പരിശോധനയിൽ കണ്ടെത്തിയത് | | അധികം (₹) |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | റേറ്റ് (₹) | ആകെ (₹) | എണ്ണം (₹) | ആകെ (₹) | |
| 203/24 കോവിൽകടവ് പൊതു ടോയ്ലറ്റ് വൈദ്യുതീകരണം | 19 Charges For Cutting Holes Exhaust Fan | 3 | 646.39 | 1939.17 | 0 | 0 | 1939.17 |
| | 20. Installation Of Exhaust Fan | 3 | 622.75 | 1868.25 | 0 | 0 | 1868.25 |
| | 21. Supply And Fixing Brass Batton | 3 | 143.02 | 429.06 | 0 | 0 | 429.06 |
| | | | | ആകെ | | | 4236.48 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 18% ജി.എസ്.റ്റി ഉൾപ്പെടെ | | | 4999.04 |
| 184/24 ഒടംകണ്ണി ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 18 Earthing With G.I Earth Plate 600mmX600mmX6mm | 1 | 7713.78 | 7713.78 | 0 | 0 | 7713.78 |
| | 23. 20W LED Street Light | 1 | 2386.24 | 2386.24 | 0 | 0 | 2386.24 |
| | 4. Supply & Installation Of Light Fittings On TW Round Block | 6 | 1257.65 | 7545.90 | 3 | 3772.95 | 3772.95 |
| | | | | ആകെ | | | 13872.97 |
| | | | | 18% ജി.എസ്.റ്റി ഉൾപ്പെടെ | | | 16370.10 |
| | | | | ആകെ നഷ്ടം (4999.04+16370.10) | | | 21369.14 |

നേരിൽ പരിശോധന നടത്താതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അളവ് ബുക്കിലെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ചെക്ക് മെഷർ ചെയ്തിരിക്കുന്നത് എന്നും വ്യക്തമാകുന്നു. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവെടുത്തതും ചെക്ക് മെഷർ ചെയ്തതും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ

നടത്തിപ്പിനുവേണ്ടി ജില്ലാതലത്തിൽ രൂപീകരിച്ചിരിക്കുന്ന സമിതിയിലെ അംഗങ്ങളാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, അളവെടുക്കുക എന്നീ ജോലികൾ നടത്തിയത് ശ്രീ. ശശി ബി മറ്റവും ചെക്ക് മെഷർ ചെയ്തതത് ശ്രീ. കെ. എ. എബ്രഹാമുമാണ് കൃത്യ നിർവ്വഹണത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ വീഴ്ച വരുത്തിയിരിക്കുന്നു. ആയതിനാൽ നഷ്ടതുക ₹21,369/- ഈ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (31/24) | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 1370000 | ലൈഫ് ഭവനപദ്ധതി ST (26/24 | 1370000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 3600000 | ലൈഫ് ഭവനപദ്ധതി SC (24/24) | 3600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-2024 | 400000 | ലൈഫ് ഭവനപദ്ധതി ജനറൽ(23/24) | 400000 | 0 |
| ആകെ | | 5870000 | | 5870000 | |
| ജില്ലാ പഞ്ചായത്ത് | 2023-2024 | 2960000 | ലൈഫ് ഭവനപദ്ധതി ST (26/24) | 2960000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-2024 | 100000 | സുവർണ്ണ ഭവനപദ്ധതി(153/24) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-2024 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (31/24) | 300000 | 0 |
| ആകെ | | 3360000 | | 3360000 | |

## 4-2 നിക്ഷേപ പ്രവർത്തികളുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ₹10,00,000/- നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | പ്രോജക്ട് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര | ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ-കച്ചാരം വാട്ടർഫോൾസ് – ടൂറിസം പദ്ധതി | 44/14708/18.03.2024 | 450000 | 0 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്ട് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര | ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ-കച്ചാരം വാട്ടർഫോൾസ് – ടൂറിസം പദ്ധതി | 45/4708/18.03.2024 | 450000 | 0 | 0 |
| | പ്രോജക്ട് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര, | ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇരച്ചിൽപാറ-കച്ചാരം വാട്ടർഫോൾസ് – ടൂറിസം പദ്ധതി | 47/4708/18.03.2024 | 100000 | 0 | 0 |

## 4-4 വായ്പ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2,48,09,228/- വരവ് ഉണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം (KURDFC) | ലഭ്യമല്ല | 54040000 | 24809228 | 94701830 | 11244010 | 0 | 108267048 |

31.03.2024 ലെ വൗച്ചർ നമ്പർ (42300659, 22300826) പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ ₹10,70,944/- ലോൺ റീപെയ്മെന്റ് ആയി കാണിച്ചിരിക്കുന്നതിനാൽ എ എഫ് എസ് ലെ വായ്പയുടെ നീക്കിയിരിപ്പ് തുക കൃത്യമല്ല. വായ്പ കണക്ക് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹12032/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 2021-2022 | 1-19 | 5662 | ശ്രീമതി.അമല ബാബു എ.ഇ | 1230100294/ തീ. 29.05.23 | |
| 2021-2022 | 1-20 | 6370 | ശ്രീമതി.അമല ബാബു എ.ഇ | 1230100295/ തീ. 29.05.23 | |
| ആകെ | | 12032 | | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക എന്നീ വിവരങ്ങൾ ലഭ്യമല്ല. ഇവ ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9-1 | 1996-97 | 3-3 | മസ്റ്റർറോൾ സൂക്ഷിക്കാതെ നോമിനൽ കൂലി നൽകിയത് | |
| 2010-11 | 2.14 | 2006-07 | 3-12(1,2) | കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം – ഗ്രാമസഭ തിരഞ്ഞെടുക്കാത്തവർക്ക് ധനസഹായം ₹1,62,500/-, ₹3,75,000/- | |
| 2010-11 | 2.14 | 2006-07 | 3-4 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – ₹2,37,150/- | |
| 2014-15 | 4-1-4 മുതൽ അനുബന്ധം-4 വരെ | | | വിഷയാധിഷ്ഠിത അവലോകനം - കർഷക തൊഴിലാളി പെൻഷൻ | |

| | | | | | |
|---|---|---|---|---|---|
| 2016-17 | അനുബന്ധം-3 (പേജ് 163) | 2014-15 | 2-1 | വസ്തുനികുതി അപാകതകൾ | |
| 2016-17 | അനുബന്ധം-5, പേജ് 204 | 2015-16 | 2-2, 2-3 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

**(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

– – ഇല്ല – –

**(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

– – ഇല്ല – –

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹38927097.33 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹51185051.00 |
| ആകെ | | ₹90112148.33 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹36251790 |
| നീക്കിയിരിപ്പ് | | ₹53860358.33 |
| (കുറിപ്പ്:-പഞ്ചായത്തിന്റെ 2023-24 -ലെ റസീപ്റ്റ് & പെയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21369/- |
| | | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 4159647/- |

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | നിരാകരിച്ച തുക<br>തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-28 (3-1) | | 21369 | ₹10684.5/-, ശ്രീ കെ.എ. എബ്രഹാം, ഡി.എൽ.റ്റി.സി.ഇ മെമ്പർ |
| | | | ₹10684.5/-, ശ്രീ ശശി. ബി.മറ്റം, ഡി.എൽ.റ്റി.സി.ഇ മെമ്പർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 177668 | ശ്രീ.സുധീർ ബി അസി.എഞ്ചിനീയർ |
| 1-21 | 304128 | ശ്രീ. അംബി എൻ. സെക്രട്ടറി |
| 1-22 | 700000 | ശ്രീ.രഘുപതി എം ഹെഡ്മാസ്റ്റർ |
| 1-25 | 1000000 | ശ്രീ. സുരേഷ് ബാബു ജി.എസ്. സെക്രട്ടറി |
| 1-26 | 285000 | ശ്രീ. സുരേഷ് ബാബു ജി.എസ്. സെക്രട്ടറി |
| 1-27 | 1039955 | ₹900000/- ശ്രീ സുരേഷ് ബാബു ജി.എസ്. സെക്രട്ടറി |
| | | ₹139955, ശ്രീ. അംബി എൻ. സെക്രട്ടറി |
| 1-29 | 143661 | ശ്രീ. സുരേഷ് ബാബു ജി.എസ്. സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 399023 | ശ്രീ. അംബി എൻ. സെക്രട്ടറി |
| 1-32 | 43214 | ശ്രീ. അലൻജോളി സെബാസ്റ്റ്യൻ, കൃഷി ഓഫീസർ |
| 1-33 | 50000 | ഡോ.ജോബി ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-34 | 16998 | ഡോ. ബിന്ദു. ആർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ആകെ | 4159647 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് ബാബു ജി.എസ്. സെക്രട്ടറി | സെക്രട്ടറി, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | സൈലജ്, ശ്രീകൃഷ്ണപുരം, മലയൻകീഴ്, തിരുവനന്തപുരം 695571 |
| ശ്രീ. അംബി എൻ, സെക്രട്ടറി | ലഭ്യമല്ല | കെ.ബി ഭവൻ, വക്കം, തിരുവനന്തപുരം 695308 |
| ശ്രീ.രഘുപതി എം ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ | പത്തടിപാലം സഹായഗിരി പി.ഒ മറയൂർ ഇടുക്കി ജില്ല പിൻ 685620 |
| ശ്രീ.സുധീർ ബി അസി.എഞ്ചിനീയർ | ലഭ്യമല്ല | നന്ദനം, നടക്കവിള, കോട്ടുവൻകോണം, |

| | | |
|---|---|---|
| | | പറവൂർ,പൂതക്കുളം പി.ഒ കൊല്ലം ജില്ല |
| ശ്രീ. അലൻജോളി സെബാസ്റ്റ്യൻ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ | വരിക്ക മാക്കൽ ഹൗസ്<br>കട്ടപ്പന സൗത്ത് പി.ഒ<br>ഇടുക്കി, പിൻ-685515 |
| ഡോ. ബിന്ദു. ആർ<br>മെഡിക്കൽ<br>ഓഫീസർ(സി.എച്ച്.സി) | ജില്ലാ ആശുപത്രി, കൊല്ലം | രാജമന്ദിരം<br>പള്ളിക്കൽ പി.ഒ.<br>കൊട്ടാരക്കര, കൊല്ലം ജില്ല |
| ശ്രീ. കെ.എ. എബ്രഹാം,<br>ഡി.എൽ.റ്റി.സി.ഇ മെമ്പർ | റിട്ട. അസി.എക്സി. എഞ്ചിനീയർ | കിളിച്ചുമലയിൽ വീട്<br>മണക്കാട് പി.ഓ<br>തൊടുപുഴ |
| ശ്രീ ശശി. ബി.മറ്റം,<br>ഡി.എൽ.റ്റി.സി.ഇ മെമ്പർ | റിട്ട. അസി.എക്സി. എഞ്ചിനീയർ | മറ്റത്തിൽ വീട്<br>കുടയത്തൂർ പി.ഓ<br>തൊടുപുഴ |
| ഡോ. ജോബി ജോസഫ്<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി<br>കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | കുറുപ്പാശ്ശേരി ഹൗസ്<br>മുടിക്കൽ പി.ഒ.<br>നെടുംതോട്, പെരുമ്പാവൂർ<br>എറണാകുളം – 683547 |

**<u>4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1995-96 | എൽ എഫ് ഐ -7-135/98 തീ. 21.04.1998 | 26 | 3 എ, 4, 5, 6, 12, 14, 15(1), 15(2), 16 മുതൽ 33 വരെ |
| 1996-97 | എൽ എഫ് ഐ -7-136/98 തീ.30.05.1998 | 13 | 29 മുതൽ 41 വരെ |
| 1997-98 | എൽ എഫ് ഐ -9/957/2006 തീ.08.04.07 | 21 | 28 മുതൽ 48 വരെ |
| 1998-99 | എൽ എഫ് ഐ -9/686/200 തീ.05.10.2002 | 9 | 23 മുതൽ 31 വരെ |
| 1999-00 | എൽ എഫ് ഐ -9/564/2006 തീ.06.12.2006 | 12 | 21 മുതൽ 33(2) വരെ |
| 2000-01 | എൽ എഫ് ഐ -9/104/03 തീ.09.05.2003 | 8 | 23 മുതൽ 30 വരെ |
| 2001-02 | എൽ എഫ് ഐ -9/283/04 തീ.09.07.2004 | 2 | 2-2, 2-3 |

| | | | |
|---|---|---|---|
| 2002-03 | എൽ എഫ് ഐ -9/297/06<br>തീ.04.12.2006 | 4 | 2-4, 3-1 മുതൽ 3-3 വരെ |
| 2003-04 | എൽ എഫ് ഐ -9/779/07<br>തീ.31.12.2007 | 7 | 2-2, 2-3,<br>3-1 മുതൽ 3-5 വരെ |
| 2004-05 | എൽ എഫ് ഐ -9/780/07<br>തീ.31.12.2007 | 3 | 2-1, 2-4, 3-1 |
| 2005-06 | എൽ എഫ് ഐ -9/1049/09<br>തീ.11.11.2009 | 10 | 2-2, 2-3,<br>3-1 മുതൽ 3-8 വരെ |
| 2006-07 | എൽ എഫ് ഐ -9/740/10<br>തീ.27.09.2010 | 16 | 2-1 മുതൽ 2-8 വരെ<br>3-1 മുതൽ 3-8 വരെ |
| 2007-08 | എൽ എഫ് ഐ -14/1141/11<br>തീ.11.11.11/31.01.12 | 23 | 2-1, 2-2, 2-7 മുതൽ 2-12 വരെ<br>3-1 മുതൽ 3-15 വരെ |
| 2008-09 | എൽ എഫ് ഐ -9/1006/11<br>തീ.19.05.2014 | 25 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-18 വരെ |

| | | | |
|---|---|---|---|
| 2009-10 | എൽ എഫ് ഐ -9/1007/11 തീ.05.06.2011 | 22 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-15 വരെ |
| 2010-11<br>2011-12 | എൽ എഫ് ഐ -14/1215/13 തീ.05.12.2014 | 17 | 2-1 മുതൽ 2-3വരെ<br>3-1 മുതൽ 3-14 വരെ |
| 2012-13<br>2013-14 | എൽ എഫ് ഐ -14/292/15 തീ.01.04.2015 | 10 | 2-1, 2-2, 3-1 മുതൽ 3-4 വരെ<br>3-6 മുതൽ 3-9 വരെ |
| 2014-15 | കെ.എസ്.എ- ഐ.ഡി.കെ-14/158/17 തീ.04.04.2017 | 11 | 2-2, 2-3, 3-1 മുതൽ 3-4 വരെ, 3-6, 3-8 മുതൽ 3-11 വരെ |
| 2015-16 | കെ.എസ്.എ- ഐ.ഡി.കെ-6/1120/17 തീ.01.03.2018 | 10 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-6/1447/ 2017തീ.21.10.2017 | 12 | 2-1, 3-1 മുതൽ 3-6 വരെ<br>3-8 മുതൽ 3-11 വരെ |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-6/ 54/2019/ തീ.14.02.2019 | 14 | 1-10, 1-12, 2-1, 2-2, 3-2, 3-4 മുതൽ 3-10 വരെയും 3-12, 4-7, 4-8 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-6/ 287/2020/തീ.6.5.20/11.6.20 | 15 | 1-11 മുതൽ 1-24 വരെ, 2-1, 4-11 |
| 2019-20 | കെ.എസ്.എ- ഐ.ഡി.കെ-13/343/2021/ തീ.15.04.2021 | 23 | 1-9 മുതൽ 1-31 വരെ |
| 2020-21 | കെ.എസ്.എ- ഐ.ഡി.കെ-13/576/2022/ തീ.26.05.2022 | 23 | 1-9 മുതൽ 1-31 വരെ |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ- പി5/235/23 തീ.11.04.2023 | 8 | 1-9, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-21 |
| 2022-23 | കെ.എസ്.എ-ഐ.ഡി.കെ- പി5/473/24 തീ.27.08.24 | 29 | 1-1-2, 1-1-3, 1-1-5, 1-10 മുതൽ 1-13 വരെ 1-15, 1-16, 1-19, 1-20, 1-23 മുതൽ 3-1 വരെ 4-2, 4-7, 4-10 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 05-07-2024 and submitted on 08-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kanthalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in

the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kanthalloor Grama Panchayat as on 31-03-2024

**Date: 21/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanthalloor Grama Panchayat for the Year 2023-2024.

### 1.Major Observations

-

### 2.Other Observations

1. Asset register is not kept up to date.

2. Non inclusion of notes to accounts infinancial statements and non disclosure of material facts.

3. Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Lapses in making timely and accurate demand entries in respect of tax and non tax revenue.

5. DCB amounts recorded in the Demand registers of property tax and rent does not match with Financial statements.

6. Accumulated depreciation provided for an asset exceeds the bookvalue.

7. B 15 shedule of balance sheet differ from B 16 shedule

8. Balance amount shown as liability in balancesheet does not match with bank balance opened for the specific grant account

9. MGNREGA Administrative expense recorded under I-14(E) schedule is incorrect.

10. CFC Grant Receipt and Payment not recorded under the exact head of account.

11. KURDFC Loand ÂÂÂÂ Amount included under the head secured loan is incorrect.

12. Non inclussion of liability

13. Payment Voucher Misclassification Payment given to Gramalakshmi Mudralayam is wrongly recorded in advance head.

14. Joint Venture projects - (Block Share) as per sulekha statement doesnot match with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്